ഡി1-19839/11

കളക്ടറേറ്റ്,എറണാകുളം

തീയതി :06/05/2020

എറണാകുളം ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ 2020-ലെ 48- ആമത് യോഗം എറണാകുളം ജില്ലാ കളക്ടറുടെ ചേംബറിൽ മെയ് 04, 2020-ാം തീയതി ഉച്ച തിരിഞ്ഞ് 02.45-ന് ആരംഭിച്ചു. എറണാകുളം ജില്ലാ കളക്ടർ എസ്. സുഹാസ് ഐ.എ.എസ്. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ താഴെ പറയുന്നവർ പങ്കെടുത്തു

1. ശ്രീമതി ജോളി കുര്യാക്കോസ്, പ്രസിഡൻറ്, എറണാകുളം ജില്ലാ പഞ്ചായത്ത്
2. ശ്രീമതി ജി.പൂങ്കുഴലി ഐ.പി.എസ്, ഡി.സി.പി., കൊച്ചി സിറ്റി
3. ശ്രീ.ജോജി.എ.എസ്, ജില്ലാ ഫയർ ഓഫീസർ
4. ഡോ.ശ്രീദേവി.എസ്, അഡീ.ജില്ലാ മെഡിക്കൽ ഓഫീസർ
5. ശ്രീമതി. കെ.ടി. സന്ധ്യാദേവി , ഡെപ്യൂട്ടി കളക്ടർ, ദുരന്തനിവാരണം,എറണാകുളം

പ്രത്യേക ക്ഷണിതാക്കൾ

5. ശ്രീ.എസ്. ഷാജഹാൻ, ഡെ. കളക്ടർ (ആർ.ആർ) & നോഡൽ ഓഫീസർ, ഓപ്പറേഷൻ ബ്രേക്ക് ത്രൂ
6. ശ്രീ.ബാജി ചന്ദ്രൻ, എക്സി. എഞ്ചിനീയർ, മൈനർ ഇറിഗേഷൻ & ചെയർമാൻ, ഓപ്പറേഷൻ ബ്രേക്ക് ത്രൂ ടെക്നിക്കൽ കമ്മിറ്റി
7. ശ്രീ.ടൈറ്റസ്.എച്ച്, എക്സി. എഞ്ചിനീയർ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ & കൺവീനർ, ഓപ്പറേഷൻ ബ്രേക്ക് ത്രൂ ടെക്നിക്കൽ കമ്മിറ്റി
8. ശ്രീ കോശി പി. എസ്., എക്സി. എഞ്ചിനീയർ, മേജർ ഇറിഗേഷൻ
9. ശ്രീമതി മിനി ടി.എൻ, എക്സി. എഞ്ചിനീയർ, എൽ. എസ്. ജി. ഡി. എറണാകുളം

**ഓപ്പറേഷൻ ബ്രേക്ക് ത്രൂ** പദ്ധതിയുടെ പുരോഗതി യോഗം വിലയിരുത്തി. കൊറോണരോഗബാധയുടെ പശ്ചാത്തലത്തിൽ, ക്യാമ്പുകൾ പോലുള്ള അടിയന്തര ദുരന്തനിവാരണ പ്രവർത്തനങ്ങൾ പോലും സാദ്ധ്യമാകാത്ത സാഹചര്യത്തെയാണ് കാലവർഷത്തോട് അനുബന്ധിച്ച് നേരിടേണ്ടി വരികയെന്നും, നഗരത്തിലെ വെള്ളക്കെട്ട്

Scanned with CamScanner

ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കേണ്ടതുണ്ടെന്നും കളക്ടർ ചൂണ്ടിക്കാട്ടി. കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് പ്രശ്നത്തെ നേരിടുന്നതിന് ഡി.ഡി.എം.എ. യുടെ കീഴിൽ നടന്നു വരുന്ന പ്രവർത്തനങ്ങളേയും, പേരണ്ടൂർ കനാലിൻറെ നവീകരണപ്രവർത്തനങ്ങളേയും സംബന്ധിച്ച് കേരള ഹൈക്കോടതി 23911/2018 നമ്പർ റിട്ട് പെറ്റീഷനിൽ 28.04.2020-ന് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ വിലയിരുത്തിയിട്ടുണ്ടെന്നും, ഇതനുസരിച്ച് ഈ കേസ് ഇനി പരിഗണിക്കുന്ന 12.05.2020-നു മുമ്പായി ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതിയുടെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാനും, രണ്ടാം ഘട്ടത്തിലേക്ക് ഉദ്ദേശിച്ചിരുന്നവയിൽ മഴക്കാലത്തിന് മുമ്പായി പൂർത്തീകരിക്കാവുന്ന പ്രവൃത്തികളുടെ നടപടിവിവരം റിപ്പോർട്ട് ചെയ്യുവാനും നിർദ്ദേശിച്ചിരിക്കുകയാണെന്നും അറിയിച്ചു. ഇതനുസരിച്ച്, രണ്ടാം ഘട്ടമായി ആരംഭിക്കാവുന്ന പ്രവൃത്തികളുടെ പട്ടിക ഓപ്പറേഷൻ ബ്രേക്ക് ത്രൂ ടെക്നിക്കൽ കമ്മിറ്റിയുടെ ചെയർമാൻ നൽകിയിട്ടുണ്ടെന്നും, രണ്ടാം ഘട്ടത്തിലേക്കായി ഭരണാനുമതി ലഭിച്ച 33 പ്രവൃത്തികളിൽ 17 എണ്ണവും, ഇവയ്ക്ക് അനുബന്ധമായി നടപ്പാക്കേണ്ട 5 എണ്ണവും കൂടി ആകെ 22 പ്രവൃത്തികളാണ് പട്ടികയിലുള്ളതെന്നും കളക്ടർ യോഗത്തെ അറിയിച്ചു. ഇവ താഴെ പറയുന്നു

| | |
|---|---|
| 1 | OBT 2019 - Renovation of Chengadampokku thodu from JN Metro Station to Edappally Rakhavan Pillai Road |
| 2 | OBT 2019 - Renovation of Chengadampokku thodu from Edappilly Raghavan Pillai road to Elamakkara Railway Cross |
| 3 | OBT 2019 - Renovation of Chengadampokku thodu between Elamakkara Railway Cross to Mouth of Perandoor river |
| 4 | OBT 2019 - Desilting of Perandoor river near to Mouth of Chengadampokku thodu in Cochin Corporation |
| 5 | OBT 2019 - Revamping and desilting of Karanakkodam thodu between Ch.1261m to 2462 m (Adimurithodu to Thammanam road) |
| 6 | OBT 2019 - Revamping and desilting of Karanakkodam thodu (Marshelling yard to railway quarters) Ch.0 m to 600 m |
| 7 | OBT 2019 - Revamping and desilting of Karanakkodam thodu between Railway quarters toPanorama residency Ch.0m to600 m |
| 8 | OBT 2019 - Revamping and desilting of Karanakkodam thodu between Panorama residency to Rail nagar from ch.1100m to 1583m |
| 9 | OBT-2019 Renovation and Removing obstructions in Thevara Caanl near Kayal Mouth |

Scanned with CamScanner

| | |
|---|---|
| 10 | OBT 2019 Renovation and cleaning of Koithara Canal |
| 11 | OBT 2019 Removing obstructions to flow in Chilavannoor Canal near Ambanattuchira and Pandarachira |
| 12 | OBT 2019 - Renovation and removal of Obstruction in link Canal from Thevara Perandoor canal and Kayal between North Railway station and Vaduthala |
| 13 | OBT-2019 Adimurithodu widening and Cleaning |
| 14 | OBT-2019 Desilting of meenchira thodu |
| 15 | OBT-2019 Jetting of Culverts and providing drain out chambers in various urban roads in Cochin Corporation |
| 16 | OBT-2019 Bhrahmapuram Breakthrough site (DDMA property) leveling for disposal earth |
| 17 | OBT 2019 Karanakodamthodu - Eviction of encroachment and consequent widening of tail end of Karanakodam thodu near Chilavannoor mouth and desilting the branch of Karanakodamthodu (Rail Thodu) |
| 18 | OBT 2019 Desilting of drain from MG Road to Cochin kayal Near Kerala Fine Arts Society hall |
| 19 | OBT 2019 Desilting of Kottekanal in division no.64 & Kalabhavan road. drain in division no.66 |
| 20 | OBT 2019 Revamping and Desilting of Edappilly Thodu |
| 21 | OBT 2019 Renovation and removal of obstruction in thodu starting from TP canal to Chilavannoor Kayal near Kathrikadavu (Puncha Thodu) |
| 22 | OBT-2019 Removing obstructions to flow in Chilavanoor Canal near south Chilavanoor road in Cochin Corporation |

3. ഈ പ്രവൃത്തികളിൽ, സർക്കാരിൽനിന്നും 05.03.2020 ലെ ഉത്തരവുപ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളവയ്ക്ക് കരാറുകാരെ കണ്ടെത്തുന്നതിനുള്ള നടപടികൾ ഏറെക്കുറെ പൂർത്തിയായെന്നും. 06.05.2020-ഓടെ ഈ പ്രവൃത്തികൾ ആരംഭിയ്ക്കാമെന്നും ടെക്നിക്കൽ കമ്മിറ്റി ചെയർമാൻ യോഗത്തെ അറിയിച്ചു. മേൽപറഞ്ഞ 22 പ്രവൃത്തികളിൽ ഭരണാനുമതി ലഭിയ്ക്കാനുള്ള അഞ്ചു പ്രവൃത്തികൾ ഇവയാണ്

| | |
|---|---|
| 1 | OBT-2019 Bhrahmapuram Breakthrough site (DDMA property) leveling for silt disposal |
| 2 | OBT 2019 Karanakodamthodu - Eviction of encroachment and consequent widening of tail end of Karanakodam thodu near Chilavannoor mouth and desilting |

Scanned with CamScanner

| | |
|---|---|
| | the branch of Karanakodamthodu (Rail Thodu) |
| 3 | OBT 2019 Desilting of drain from MG Road to Cochin kayal Near Kerala Fine Arts Society hall |
| 4 | OBT 2019 Desilting of Kottekanal in division no.64 & Kalabhavan road, drain in division no.66 |
| 5 | OBT 2019 Renovation and removal of obstruction in thodu starting from TP canal to Chilavannoor Kayal near Kathrikadavu (Puncha Thodu) |

മേൽപറഞ്ഞ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉൾക്കൊളളിച്ചുകൊണ്ട് ഭരണാനുമതിയ്ക്കുളള അപേക്ഷയും, രണ്ടാം ഘട്ടം നടപ്പാക്കുന്നതിനുളള തുകയുടെ വിശദാംശവും തയ്യാറാക്കി അടിയന്തരമായി സമർപ്പിയ്ക്കുവാൻ യോഗം ടെക്നിക്കൽ കമ്മിറ്റി ചെയർമാന് നിർദ്ദേശം നൽകി.പദ്ധതികൾ മെയ്മാസം , മൺസൂണിന് മുമ്പ് പൂർത്തീകരിക്കുവാൻ ഉള്ളതിനാൽ ഏറ്റവും പെട്ടെന്ന് പദ്ധതികൾ ആരംഭിക്കുവാനും ,ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കുവാനും ഭരണാനുമതി ലഭ്യമായ പദ്ധതികളിൽ കൂടുതൽ സമയം വേണ്ടുന്ന പദ്ധതികൾ തത്ക്കാലം മഴക്ക് ശേഷം തുടങ്ങാമെന്നും ചെയർമാൻ നിർദേശിച്ചു . റോഡ് സൈടുകളിലെ ഓടകളുടെ ശുദ്ധീകരണവും മറ്റ് പുനരുദ്ധാരണ പ്രവത്തനങ്ങളും കോർപ്പറേഷന്റെയും , KMRL ന്റെയും നേതൃത്വത്തിൽ മഴയ്ക്ക് മുമ്പേ പൂർത്തീകരിക്കുവാനും ചെയർമാൻ നിർദേശിച്ചു .

4. രണ്ടാം ഘട്ടത്തിലേക്ക് ഭരണാനുമതി ലഭിച്ച 33 പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന കരീത്തോടിൻറെ ശുചീകരണ പ്രവർത്തനങ്ങൾ അടിയന്തരമായി ഏറ്റെടുക്കണമെന്ന് യോഗം അഭിപ്രായപ്പെട്ടു. ഇതിനായി വരുന്ന ചിലവിൻറെ ഒരു ഭാഗം സ്പോൺസർഷിപ്പ് വഴി ലഭ്യമാക്കുമെന്ന് യോഗാദ്ധ്യക്ഷൻ അറിയിച്ചു.

5. പദ്ധതിപുരോഗതി വിശദമായി അവലോകനം ചെയ്യുന്നതിലേയ്ക്കായി താഴെ പറയുന്ന വസ്തുതകൾ സംബന്ധിച്ച വിശദീകരണം അദ്ധ്യക്ഷൻ മുമ്പാകെ അടിയന്തരമായി സമർപ്പിയ്ക്കുവാൻ യോഗം ടെക്നിയ്ക്കൽ കമ്മിറ്റി ചെയർമാനു നിർദ്ദേശം നൽകി.

- ഒന്നാം ഘട്ടത്തിൽ പ്രവർത്തനാനുമതി ലഭിച്ച്, പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ

Scanned with CamScanner

• രണ്ടാം ഘട്ടത്തിലേയ്ക്കായി ഭരണാനുമതി ലഭിച്ച 33 പദ്ധതികളിൽ ഉൾപ്പെടുന്ന 15 പദ്ധതികൾ രണ്ടാം ഘട്ടത്തിലേക്ക് പരിഗണിക്കാതിരുന്നതും പുതുതായി 05 പദ്ധതികൾ ഉൾപ്പെടുത്താനിടയായ സാഹചര്യവും

രണ്ടാം ഘട്ടത്തിലെ പ്രവൃത്തികൾ ഏൽപ്പിയ്ക്കുവാനായി ടെക്നിക്കൽ കമ്മിറ്റി തയ്യാറാക്കിയ കരാറുകാരുടെ പട്ടിക അതോറിറ്റി മുമ്പാകെ ഹാജരാക്കുവാൻ യോഗാദ്ധ്യക്ഷൻ നിർദ്ദേശം നൽകി.

6. ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയിൽ കൈമാറിയ തുക കിഴിച്ച് ബാക്കി തുകക്കും രണ്ടാം ഘട്ടത്തിലെ പ്രവൃത്തികൾക്ക് ആവശ്യമായി വരുന്ന തുകക്കും വേണ്ടി സർക്കാരിലേക്ക് അടിയന്തരമായി കത്ത് നൽകുവാൻ അദ്ധ്യക്ഷൻ നിർദ്ദേശിച്ചു.

7. സമയപരിമിതിയുണ്ടെങ്കിലും, സുതാര്യമായും സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ടും, ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതി നടപ്പാക്കേണ്ടതുണ്ടെന്ന് യോഗം വിലയിരുത്തി. ചെറുതോടുകളുടെ അടിവശം (bed) കോൺക്രീറ്റ് ചെയ്യരുതെന്നും, ജലാശയങ്ങളിൽ നിന്നും നീക്കം ചെയ്യുന്ന മണലും ചെളിയും തിരികെ പുഴയിൽത്തന്നെയോ, മറ്റിടങ്ങളിലോ നിക്ഷേപിയ്ക്കാതെ നിർദ്ദിഷ്ട നിക്ഷേപസ്ഥാനമായ ബ്രഹ്മപുരം യാർഡിൽത്തന്നെ നിക്ഷേപിക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ ജാഗ്രതയും നിഷ്കർഷയും പുലർത്തണമെന്നും യോഗം ടെക്നിക്കൽ കമ്മറ്റി അംഗങ്ങൾക്ക് നിർദ്ദേശം നൽകി.

8. കൊറോണ പകർച്ചവ്യാധിയും, ലോക്ക് ഡൗണും മൂലം നഷ്ടപ്പെട്ട തൊഴിൽ ദിനങ്ങളും, രോഗ പ്രതിരോധനടപടികളുടെ ഭാഗമായി നിലനിൽക്കുന്ന കടുത്ത നിയന്ത്രണങ്ങളും മഴക്കാലപൂർവ്വ തയ്യാറെടുപ്പുകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെങ്കിലും, ഇക്കൊല്ലം കാലവർഷം ആരംഭിയ്ക്കുന്നതിന് കഷ്ടിച്ച് ഒരു മാസം ഇനിയും ബാക്കിയുണ്ടെന്നും, കൊച്ചി കോർപ്പറേഷനും ജില്ലാ ഭരണകൂടവും ഉൾപ്പെടുന്ന സർക്കാർ സംവിധാനങ്ങൾ ഒത്തൊരുമയോടെയും കൃത്യമായ ഏകോപനത്തോടെയും പ്രവർത്തിച്ച് വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിയ്ക്കണമെന്നും ജില്ലാ കളക്ടർ ആവശ്യപ്പെട്ടു. ഇത്തരമൊരു സാഹചര്യത്തിൽ, ദുരന്തനിവാരണ നിയമത്തിലെ വ്യവസ്ഥകൾ ഉപയോഗിച്ച് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർക്കുള്ള ഉത്തരവാദിത്തവും മേൽപറഞ്ഞ ഹൈക്കോടതി ഉത്തരവിലെ പരാമർശവും മുൻനിർത്തി, എല്ലാ

Scanned with CamScanner

ജലനിർഗ്ഗമന മാർഗ്ഗങ്ങളും വൃത്തിയാക്കുന്നതിനും, തടസ്സം കൂടാതെ പെയ്ത്തുവെള്ളം, ഒഴുകിപ്പോകുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനും കൊച്ചി കോർപ്പറേഷനോട് ദുരന്ത നിവാരണ നിയമപ്രകാരം ആവശ്യപ്പെടുവാൻ അദ്ധ്യക്ഷനെ യോഗം ചുമതലപ്പെടുത്തി.

9. മഴക്കാലപൂർവ്വ തയ്യാറെടുപ്പുകൾ സംബന്ധിച്ച് നടപ്പാക്കേണ്ട മുൻകരുതൽ നടപടികൾ വിശദീകരിച്ചുകൊണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ദുരന്ത നിവാരണ നിയമപ്രകാരം വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായി ജില്ലാ കളക്ടർ യോഗത്തെ അറിയിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമരാമത്ത് വകുപ്പ്, റവന്യൂ വകുപ്പ് തുടങ്ങിയവ മുഖേന നടത്തേണ്ട പ്രവൃത്തികൾ അടിയന്തരഘട്ടങ്ങളെ ഏകോപനത്തോടെ നേരിടുന്നതിനുള്ള പൊതുനിർദ്ദേശങ്ങളാണെന്നും, പൊതുമരാമത്ത് വകുപ്പിൻറെ ചുമതയിലുള്ളതെങ്കിലും അവർ വൃത്തിയാക്കാത്ത കാനകളും ഓടകളും തദ്ദേശ സ്വയംഭരണ വകുപ്പിന് വെള്ളക്കെട്ട് ഒഴിവാക്കുന്നതിനു വേണ്ടി വൃത്തിയാക്കുന്നതിന് ഈ നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് പ്രവർത്തിയ്ക്കാമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡൻറിൻറെ പരാമർശത്തിനു മറുപടിയായി ജില്ലാ കളക്ടർ വിശദീകരിച്ചു. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ കനത്ത മഴയെ തുടർന്നുണ്ടായ വർദ്ധിച്ച ഒഴുക്കു കാരണം നദികൾ എക്കലും മണലും നിറഞ്ഞ് സംഭരണശേഷി കുറഞ്ഞ അവസ്ഥയിലാണെന്നും, ഇത് വെള്ളക്കെട്ടിനു കാരണമാകുന്നതിനാൽ മണൽ വാരി മാറ്റി നദികളുടെ ആഴം പുനസ്ഥാപിയ്ക്കേണ്ടത് ആവശ്യമാണെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ചൂണ്ടിക്കാട്ടി. സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാനാകൂ എന്നും, നിലവിലെ സാഹചര്യത്തിൽ സ്വീകരിയ്ക്കാവുന്ന നടപടികളുടെ സാധ്യത പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിയ്ക്കാമെന്നും ജില്ലാ കളക്ടർ അറിയിച്ചു.

10. കോവിഡ് 19 പകർച്ചവ്യാധിയും, ലോക്ക് ഡൗണും മൂലമുണ്ടായിട്ടുള്ള തൊഴിൽനഷ്ടവും, വരുമാനക്കുറവും പരിഗണിച്ച്, സ്വകാര്യ ആശുപത്രികളിൽ ഡയാലിസിസിന് പ്രവേശിപ്പിക്കുന്ന രോഗികളിൽ നിന്നും ഫീസ് ഈടാക്കേണ്ടെന്നും, അവ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകുന്നതാണെന്നും അറിയിച്ചിട്ടും സ്വകാര്യ ആശുപത്രികൾ രോഗികളിൽ നിന്നും പണം ആവശ്യപ്പെടുകയാണെന്നും, രോഗികൾക്കുണ്ടാകുന്ന അസൌകര്യം ഒഴിവാക്കുന്നതിനായി ഇക്കാര്യ വിശദീകരിച്ചുകൊണ്ട് ഡി.ഡി.എം.എ. ഒരു നിർദ്ദേശം പുറപ്പെടുവിയ്ക്കണമെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ആവശ്യപ്പെട്ടു. ഈ ആവശ്യത്തിലേയ്ക്കായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നു

16 ലക്ഷത്തോളം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് അറിയിച്ചു. ഇക്കാര്യത്തിൽ ഫിനാൻസ് ഓഫീസറുടെ അഭിപ്രായം തേടിയതിനുശേഷം തുടർനടപടി സ്വീകരിക്കാമെന്ന് അദ്ധ്യക്ഷൻ അറിയിച്ചു.

11. കോവിഡ് 19 ലോക്ക് ഡൌൺ കാലത്ത് അതിഥി തൊഴിലാളികളുടെ പരിപാലനത്തിനായി ഇതുവരെ ചെലവായ 43 ലക്ഷം രൂപയുടെ വിനിയോഗവും, ബന്ധപ്പെട്ട ബില്ലുകളും യോഗം അംഗീകരിച്ചു.

യോഗം 3.15-ന് അവസാനിച്ചു.

OFFICE OF THE DISTRICT COLLECTOR * ERNAKULAM *

ജില്ല കളക്ടർ

എറണാകുളം

Scanned with CamScanner